## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റവന്യൂ കമ്മി തരണം ചെയ്യാനുള്ള മാർഗ്ഗങ്ങൾ

1 (3421) ശ്രീ. എ. എൻ.ഷംസീർ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾ റവന്യൂ ശോഷണം നേരിടുമ്പോഴും കേന്ദ്ര സർക്കാർ ഇന്ധനത്തിന്മേൽ ഉൾപ്പെടെ വിവിധ സെസ്സിനങ്ങളിൽ ഈടാക്കുന്ന തുക വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സെസ്സായി പിരിച്ചെടുക്കുന്ന തുക സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ സർചാർജ്ജ്, സെസ് എന്നിവ വർദ്ധിക്കുന്നതുമൂലം സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി വിഹിതത്തിൽ കുറവ് വരുന്നതായി ചൂണ്ടിക്കാണിക്കുകയും സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി 42% നിന്നും 50% ആയി ഉയർത്തണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) റവന്യൂ കമ്മി തരണം ചെയ്യാനായി മുൻ വർഷം വർദ്ധിപ്പിച്ച് നൽകിയ കടമെടുപ്പ് പരിധി ഈ സാമ്പത്തിക വർഷം കൂടി നിലനിർത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

ആവശ്യപ്പെട്ടിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനങ്ങളുടെ വാർഷിക കടമെടുപ്പ് പരിധി ജി.എസ്.ഡി.പി.-യുടെ 5 ശതമാനമായി ഉയർത്തുന്നതിനും ഇത് ഉപാധികളില്ലാതെ അനുവദിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ബഹു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

### വൈജ്ഞാനിക സമ്പദ്ഘടന

2 (3422) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈജ്ഞാനിക സമ്പദ്ഘടനയിലേക്ക് കേരളത്തെ നയിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly